വനഭൂമി സംരക്ഷണം

89 [3343] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:*

ശ്രീ. വി. കെ. സി. മമ്മത്കോയ:

" കെ. പി. സതീശ്ചന്ദ്രൻ:

" കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയുടെ സംരക്ഷണത്തിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള വനഭൂമിയുടെ വിസ്തൃതി കുറയാതിരിക്കാൻ ജണ്ടകൾ കെട്ടി സംരക്ഷിക്കുന്ന പരിപാടി നിലവിലുണ്ടോ;

(സി) എങ്കിൽ ഇതിനകം എന്തുമാത്രം സ്ഥലത്ത് ജണ്ട കെട്ടി അതിർത്തി തിരിച്ചിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ;

(ഡി) വനം കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ വനം കയ്യേറ്റക്കാരുടെ കാര്യത്തിൽ തീരുമാനം എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തികൾ നിർണ്ണയിച്ച് ജണ്ട കെട്ടിയും, കയ്യാല സ്ഥാപിച്ചും വരുന്നുണ്ട്. പുതിയ കയ്യേറ്റങ്ങൾ അപ്പപ്പോൾത്തന്നെ ഒഴിപ്പിക്കുന്നുണ്ട്. 1-1-1977 നുശേഷമുള്ള കയ്യേറ്റങ്ങൾ റവന്യൂ, പോലീസ് ഉദ്യോഗസ്ഥൻമാരുടെ സഹായത്തോടുകൂടി ഘട്ടംഘട്ടമായി ഒഴിപ്പിച്ചുവരുന്നു. വനം കയ്യേറ്റങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവർക്കെതിരായി കേസുകൾ എടുക്കുന്നുണ്ട്. കയ്യേറ്റങ്ങൾ തടയുന്നതിനായി വനം വകുപ്പ് ഉദ്യോഗസ്ഥർ വനത്തിന്റെ എല്ലാ ഭാഗങ്ങളിലും റോന്തുചുറ്റുന്നുണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്ത് ആകെയുള്ള ഉദ്ദേശം 11760 കിലോമീറ്റർ വനാതിർത്തിയിൽ 2005 മാർച്ച് വരെ 9360 കി. മീറ്ററിൽ ജണ്ടകളും കയ്യാലകളും നിർമ്മിച്ച് അതിർത്തി നിർണ്ണയിച്ചിട്ടുണ്ട്. ഇതിനായി 1,99,468 ജണ്ടകളും, 981.687 കി. മീറ്റർ കയ്യാലകളും നിർമ്മിച്ചിട്ടുണ്ട്.

GPM. 2/609/2012—17

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 23,930 ഹെക്ടർ കയ്യേറ്റഭൂമിയിൽ വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. ഇനിയും 3750 ഹെക്ടറിൽ സംയുക്ത പരിശോധന നടത്താനുണ്ട്.

(ഇ) 1-1-1977-നു ശേഷമുള്ള വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

പെരിയാർ ടൈഗർ റിസർവ്വ് വനഭൂമി

90 [3344] *ശ്രീ. കെ. എ. ചന്ദ്രൻ:*

„ *സി. പി. മുഹമ്മദ്:*

„ *ലൂഡി ലൂയിസ്:*

„ *ജോർജ്ജ് ജെ. മാത്യു:*

„ *ടി. എൻ. പ്രതാപൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ ടൈഗർ സാങ്ച്വറിയിൽപ്പെട്ട ഭൂമിയിൽ തമിഴ്നാട് അവകാശവാദം ഉന്നയിച്ചിട്ടുണ്ടോ;

(ബി) ഈ അവകാശവാദം സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്ര ഹെക്ടർ ഭൂമിയിൻമേലാണ് തമിഴ്നാട് അവകാശവാദം ഉന്നയിച്ചിട്ടുള്ളതെന്നതും പ്രസ്തുത സാങ്ച്വറിയിൽനിന്ന് എത്രയേക്കർ ഭൂമി വിട്ടു കൊടുക്കുവാനാണ് ഉത്തരവായിട്ടുള്ളതെന്നും വിശദീകരിക്കുമോ; ഈ ഭൂമിയിൽ കുടിയേറ്റക്കാരുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പെരിയാർ ടൈഗർ റിസർവ്വിൽപ്പെട്ട 8100 ഏക്കർ സ്ഥലം മുല്ലപ്പെരിയാർ ഡാം നിർമ്മിച്ച സമയത്ത് തമിഴ്നാട് സർക്കാരിന് പാട്ടവ്യവസ്ഥയിൽ നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലം കല്ലിട്ട് അതിർത്തി നിർണ്ണയിച്ച് നൽകണമെന്ന ആവശ്യം തമിഴ്നാട് സർക്കാർ ഉന്നയിച്ചിട്ടുണ്ട്. ഇതല്ലാതെ പെരിയാർ സാങ്ച്വറിയിൽപ്പെട്ട ഭൂമിയിൽ അവകാശവാദങ്ങളൊന്നും തമിഴ്നാട് ഉന്നയിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly